സേ പരീക്ഷ ഇന്ന്: ഹയർ സെക്കണ്ടറി മേഖലയിലെ പ്രവർത്തനങ്ങൾ അവതാളത്തിൽ

കോഴിക്കോട്: പ്ലസ് ടു സേ പരീക്ഷ ഇന്ന് മുതൽ 20 വരെ നടക്കാനിരിക്കെ നടത്തിപ്പ് കാര്യങ്ങൾ തീർത്തും അവതാളത്തിൽ. തിരഞ്ഞെടുപ്പിന്റെയും മറ്റും തിരിക്കുകൾക്കിടെ പ്ലസ്ടു കാര്യങ്ങൾക്ക് വേണ്ട ഏകോപിച്ച പ്രവർത്തനങ്ങൾ സർക്കാർ സംവിധാനങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. അതിനിടെയാണ് ഇന്നലെ നിയമസഭയിൽ വിദ്യാഭ്യാസമന്ത്രി പ്ലസ്ടു വിഷയത്തിൽ യാതൊരു പ്രതിസന്ധിയുമില്ലെന്ന അവകാശവാദവുമായി രംഗത്തെത്തിയത്.

ഇന്ന് സേ പരീക്ഷ ആണെങ്കിലും ഇന്നലെ വൈകീട്ടും കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് വന്നിട്ടില്ല. മാനേജ്മെന്റ് പ്രവേശനവും കമ്മ്യൂണിറ്റി പ്രവേശനവും ഏകജാലകം സംവിധാനവും ഇന്ന് തന്നെ. രക്ഷിതാക്കൾ പല ഭാഗത്തേക്ക് ഒരേ സമയം ഓടേണ്ട ഗതികേടിലാണ്. ഹയർ സെക്കണ്ടറി മേഖല മുഴുവൻ താളംതെറ്റിയ സ്ഥിതിയിലാണ്. ഒരേ ദിവസം രണ്ടും വെക്കുന്നത് ഈ മേഖലയെ തീർത്തും അപകടത്തിലാക്കുന്നു

ഓരോ വർഷവും പത്താം ക്ലാസിന്റെ റിസൾട്ട് വരുമ്പോഴെല്ലാം വിദ്യാർത്ഥികളും രക്ഷിതാക്കളും ആശങ്കയിലാവാറുണ്ട്. സമരങ്ങളിലൂടേയും സമ്മർദ്ദങ്ങളിലൂടേയും വിദ്യാർത്ഥികളും വിദ്യാർത്ഥി സംഘടനകളും ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താറുണ്ടെങ്കിലും ഉചിതമായ പരിഹാരം ഇതുവരെയുണ്ടായിട്ടില്ല. സർക്കാർ പ്രഖ്യാപനങ്ങൾ പ്രതിസന്ധി ഫലപ്രദമായി പരിഹരിക്കില്ല.

email: tvmchandrika@gmail.com

നിയമസഭാ സമ്മേളനമുള്ളതിനാൽ അനാവശ്യമായി കസ്റ്റഡിയിലെടുക്കരുതെന്ന് കമ്മീഷണറുടെ സന്ദേശം

കോഴിക്കോട്: നിയമസഭാ സമ്മേളനം ചേരുന്നതിനാൽ ആരെയും അനാവശ്യമായി കസ്റ്റഡിയിലെടുക്കരുതെന്നും പൊലീസ് നല്ല നടപ്പിലായിരിക്കണമെന്നും നിർദേശം. ഇന്നലെയാണ് നിയമസഭാ സമ്മേളനം തുടങ്ങിയത്. ഇതിന്റെ പശ്ചാത്തലത്തിൽ എസ്എച്ച്ഒമാർ ആരെയും അനാവശ്യമായി കസ്റ്റഡിയിൽ എടുക്കരുതെന്നാണ് ജില്ലാ പൊലീസ് മേധാവിയുടെ പേരിൽ വിവിധ സ്റ്റേഷനുകളിലേക്ക് സന്ദേശം നൽകിയത്.

പൊതുജനങ്ങൾക്ക് സർക്കാരിനോട് അവമതിപ്പുണ്ടാവുന്ന രീതിയിൽ പെരുമാറരുതെന്നും സന്ദേശത്തിൽ പറയുന്നു. കേസുകൾ കൈകാര്യം ചെയ്യുന്നതിൽ അതീവശ്രദ്ധ വേണമെന്നും സന്ദേശത്തിലുണ്ട്. ലോക്സഭാ തിരഞ്ഞെടുപ്പിലെ തോൽവിയുടെ പശ്ചാത്തലത്തിൽ ഭരണവിരുദ്ധ വികാരമുണ്ടെന്ന പ്രചാരണം ശക്തമാണ്. ഇതിനിടെയാണ് സ്പെഷൽ ബ്രാഞ്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ പൊലീസ് മേധാവി പ്രത്യേക നിർദേശം നൽകിയത്.

സമീപകാലത്ത് രണ്ടു പൊലീസുകാർ സസ്പെൻഷനിലായ പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസിലെ മർദനമേറ്റ യുവതി തന്റെ ആരോപണങ്ങൾ തെറ്റാണെന്നും രക്ഷിതാക്കളുടെ നിർബന്ധം മൂലമാണ് മൊഴി നൽകിയതെന്നും വ്യക്തമാക്കി ഇന്നലെ വൈകിട്ട് യൂട്യൂബിൽ വിഡിയോ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കേസിലെ പ്രതിയെ സംരക്ഷിക്കാൻ പൊലീസ് സഹായിച്ചുവെന്നാരോപിച്ചാണ് രണ്ടു പേർ സസ്പെൻഷനിലായത്.

വീടുകൾക്ക് ബോംബേറ്, പ്രതികളെ പിടികൂടാത്തതിൽ പ്രതിഷേധം

കോഴിക്കോട് : തിരഞ്ഞെടുപ്പ് ഫല പ്രഖ്യാപനത്തെ തുടർന്ന് പാതിരിപ്പറ്റയിലും മണിയൂരിലും വീടുകൾക്ക് നേരെ ബോംബേറ് നടത്തിയ പ്രതികളെ പിടികൂടാതെ പൊലീസ് അമാന്തം കാണിക്കുകയാണെന്ന് ഡി.സി.സി പ്രസിഡണ്ട് അഡ്വ കെ പ്രവീൺകുമാർ. കോഴിക്കോട് പ്രസ് ക്ലബിൽ വിളിച്ചു ചേർത്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാതിരപ്പറ്റയിലെ ആർ.എം.പി പ്രാദേശിക നേതാവ് പൊക്കന്റെയും മണിയൂർ മുതുവനയിലെ കോൺഗ്രസ് നേതാവ് ബാബുവിന്റെയും വീടിനു നേരെയാണ് ബോംബാക്രമണം ഉണ്ടായത്. ബാബുവിന്റെ വീട്ടിലുണ്ടായിരുന്ന ഒന്നര വയസ്സുള്ള കുട്ടി ഉറങ്ങുന്നതിന്റെ ഏതാനും മീറ്റർ അടുത്താണ് ബോംബേറുണ്ടായത്. ഭാഗ്യത്തിനാണ് കുട്ടിക്ക് അപായം സംഭവിക്കാതിരുന്നത്.

ഈ രണ്ട് കേസുകളിലും അന്വേഷണം പോലും കൃത്യമായി നടക്കുന്നില്ല. സി.പി.എമ്മുകാരാണ് രണ്ട് വീടുകൾക്കും നേരെയും ബോംബെറിഞ്ഞത്. മണിയൂരിലെ ബോംബേറിൽ പ്രതികളെ പിടികൂടാത്തതിൽ പ്രതിഷേധിച്ച് നാളെ പയ്യോളി പൊലീസ് സ്റ്റേഷനിലേക്ക് യു.ഡി.എഫിന്റെ ആഭിമുഖ്യത്തിൽ മാർച്ച് നടത്തും. പാതിരപ്പറ്റയിലെ ബോംബേറിൽ പ്രതികളെ ഉടൻ പിടികൂടിയില്ലെങ്കിൽ കുറ്റ്യാടി പൊലീസ് സ്റ്റേഷനിലേക്കും മാർച്ച് നടത്തുമെന്നും പ്രവീൺകുമാർ പറഞ്ഞു.

പഞ്ചായത്ത് തിരഞ്ഞെടുപ്പിന് മുന്നോടിയായി പ്രസിദ്ധീകരിച്ച വോട്ടർപട്ടികയിൽ വ്യാപകമായ ക്രമക്കേട് നടന്നതായും പ്രവീൺകുമാർ കുറ്റപ്പെടുത്തി. ഒരു പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വോട്ടറായ സി.പി.എമ്മുകാർ പട്ടികയിലുണ്ട്. വിവിധ പഞ്ചായത്തുകളിലും ചില സി.പി.എമ്മുകാർക്ക് വോട്ടുണ്ട്. ബി.എൽ.ഒ മാരിൽ ഭൂരിഭാഗവും സി.പി.എമ്മുകാരാണ്. ഇവരെ ഉപയോഗിച്ച് വ്യാപകമായ തോതിലുള്ള ക്രമക്കേടാണ് നടത്തിയതെന്നും പ്രവീൺകുമാർ പറഞ്ഞു. വാർത്താ സമ്മേളനത്തിൽ കോൺഗ്രസ് നേതാക്കളായ അഡ്വ പി.എം നിയാസ്, കെ.എം അഭിജിത്ത്, വി.ടി സൂരജ് എന്നിവരും പങ്കെടുത്തു.

ഓൾ കേരള ടൈൽസ് ആന്റ് സാനിറ്ററി വെയർ ഡിലേഴ്സ് അസോസിയേഷൻ സംസ്ഥാന ഭാരവാഹികൾ

മുനവ്വർ സാദത്ത്

ഫിനോസ് ബഷീർ

കോഴിക്കോട്: ഓൾ കേരള ടൈൽഴസ് ആന്റ് സാനിറ്ററി വെയർ ഡിലേഴ്സ് അസോസിയേഷൻ 18ാത് സംസ്ഥാന സമ്മേളനത്തിൽ പുതിയ ഭാരവാഹികളായി മുനവ്വർ സാദത്ത് പുനത്തിൽ കോഴിക്കോട് (പ്രസിഡന്റ്), ഫിനോസ് ബഷീർ, ഗ്ലോബൽ ഇമ്പെക്സ് കണ്ണൂർ (സെക്രട്ടറി), നരേന്ദർ കുമാർ, നരേന്ദർ മാർക്കറ്റിംഗ് എറണാകുളം (ട്രഷറർ) ആയും തിരഞ്ഞെടുക്കപ്പെട്ടു. അംഗങ്ങൾക്ക് വേണ്ടിയുള്ള സാമൂഹ്യ സുരക്ഷ പദ്ധതി നടപ്പിലാക്കുകയാണ് പ്രഥമ ലക്ഷ്യമെന്ന് പ്രസിഡന്റ് മുനവ്വർ സാദത്ത് പറഞ്ഞു.വൈസ് പ്രസിഡന്റ് മാരായി ബിനോയ് വെട്ടിക്കാട്ടിൽ, വെട്ടിക്കാട്ടിൽ സിറാമിക്സ് കോട്ടയം, പി.എൽ ജോർജ്, സിൽവർ സാനിറ്ററി തൃശൂർ എന്നിവരെയും സൗത്ത് സോൺ സെക്രട്ടറി ആയി അനിൽ അയത്തിൽ ട്രെഡേഴ്സ് കൊല്ലം,നോർത്ത് സോൺ സെക്രട്ടറി ആയി ആസിഫ്, ടി.കെ ടൈൽ ഡിപ്പോ കോഴിക്കോട് എന്നിവരെയും തിരഞ്ഞെടുത്തു.

കടൽത്തീരങ്ങളിൽ ആശങ്കയുടെ തിരമാലകൾ

ഫറോക്ക്: മഴക്കാലത്ത് കലിതുള്ളിയെത്തുന്ന കടൽ മൽസ്യത്തൊഴിലാളികളുടെ മനസ്സിൽ നിറക്കുന്നത് ആശങ്കയുടെ തിരമാലകളാണ്. കേരളത്തിന്റെ തീരദേശം ഏറെ നാളുകളായി കടൽ ക്ഷോഭത്തിന്റെ ഭീതിദമായ കാഴ്ചകളിലാണ്. ഓരോ വർഷക്കാലവും കടലോര നിവാസികളുടെ മനസ്സിൽ ഭയത്തിന്റെ തിരയടിച്ചുകൊണ്ടാണ് വിടവാങ്ങുന്നത്. ദിവസങ്ങൾ നീണ്ടുനിൽക്കുന്ന കടൽ ക്ഷോഭം കെട്ടടങ്ങുമ്പോൾ തീരദേശത്ത് ബാക്കിയാവുന്നത് മൽസ്യത്തൊഴിലാളികളുടെ തകർന്ന വീടുകളും ബോട്ടുകളും സ്വപ്നങ്ങളും മാത്രമാണ്. പതിറ്റാണ്ടുകളായി തുടരുന്ന കാഴ്ചയാണിത്. തീരദേശത്തിന്റെ ദുരിത ജീവിതത്തിന് ആധുനിക കാലത്തും മാറ്റമൊന്നുമില്ല. കഷ്ടപ്പാടുകൾ സഹിക്കാനായി മാത്രം ജീവിക്കുന്നവരാണ് മൽസ്യത്തൊഴിലാളി കുടുംബങ്ങൾ.

ഇത്തവണയും കാലവർഷം തുടങ്ങിയതോടെ ആരംഭിച്ചതാണ് കടലോര വാസികളുടെ ദുരിതങ്ങൾ. കടൽ ക്ഷോഭത്തിൽ വീടുകൾ തകർന്നിട്ടുള്ളത് നിരവധി പേർക്കാണ്. ബോട്ടുകളും വലകളുമടക്കം ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വേറെ. ട്രോളിംഗ് നിരോധനത്തെ തുടർന്ന് യന്ത്രവൽക്കൃത ബോട്ടുകൾക്ക് നിരോധനമുണ്ടെങ്കിലും ചെറുവള്ളങ്ങളിൽ മൽസ്യബന്ധനത്തിന് പോകുന്നവർ ഇപ്പോഴുമുണ്ട്. അവരെല്ലാം കലിതുള്ളുന്ന കടലിനു മുന്നിൽ ജീവൻ പണയം വെച്ചാണ് അന്നത്തിന് വേണ്ടി തുഴയെറിയുന്നത്. കടുത്ത സുരക്ഷാ മുന്നറിയിപ്പിനെ തുടർന്ന് മൽസ്യത്തൊഴിലാളികൾ താൽക്കാലികമായി കടലിൽ പോകുന്നത് ഒഴിവാക്കിയിരിക്കുകയാണ്. പണിയില്ലാത്തതിനാൽ പട്ടിണിയാകുന്നുവെന്നതാണ് അവരുടെ അടുത്ത പ്രശ്നം. ബേപ്പൂർ, ചാലിയം, പുതിയാപ്പ അടക്കമുള്ള തീരമേഖലകളിൽ മൽസ്യത്തൊഴിലാളികൾക്കായി പ്ലാറ്റ് സമുച്ചയം നിർമിക്കുന്ന പദ്ധതി പതിറ്റാണ്ടുകൾക്ക് മുമ്പ് ചർച്ച ചെയ്തിരുന്നു. എന്നാൽ ഇത് എങ്ങുമെത്താതെ അവസാനിച്ചു. നിലവിൽ താമസിക്കുന്ന സ്ഥലങ്ങളിൽ നിന്ന് അൽപം പോലും മാറിത്താമസിക്കുന്നതിനോട് മൽസ്യത്തൊഴിലാളി കുടുംബങ്ങൾ വിമുഖത കാട്ടാറുണ്ട്. എന്നാൽ തീർത്തും അരക്ഷിതമായ സ്ഥലങ്ങളിൽ താമസിക്കുന്നവരെ തീരദേശത്തു തന്നെ അൽപം മാറി ഫ്ളാറ്റുകളിലേക്ക് മാറ്റിപ്പാർപ്പിക്കുകയെന്ന ആശയം നല്ലതു തന്നെ. ഇതിന്റെ ആവശ്യകതയെയും സുരക്ഷിതത്വത്തെയും കുറിച്ച് അവരെ ബോധവൽക്കരിക്കാൻ സർക്കാർ ഏജൻസികൾക്ക് കഴിയണം.

ടാലന്റ് ഫെസ്റ്റ് നടത്തി

വെള്ളറട: യൂത്ത് കോൺഗ്രസ് കുന്നത്തുകാൽ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ടാലന്റ് ഫെസ്റ്റ് നടത്തി. മണ്ഡലം പ്രസിഡന്റ് കോട്ടുക്കോണം സതീഷിന്റെ അധ്യക്ഷതയിൽകൂടിയ യോഗം യൂത്ത് കോൺഗ്രസ് ജില്ല പ്രസിഡന്റ് നേമം ഷജീർ ഉദ്ഘാടനം ചെയ്തു. യൂത്ത് കോൺഗ്രസ്സ് സംസ്ഥാന സെക്രട്ടറി അഡ്വ. അനൂപ് മുഖ്യ പ്രഭാഷണം നടത്തി.യോഗത്തിൽ യൂത്ത് കോൺഗ്രസ്സ് നിയോജകമണ്ഡലം വൈസ് പ്രസിഡന്റ് പ്രതീഷ് സ്വാഗതം പറഞ്ഞു. യൂത്ത് കോൺഗ്രസ്സ് ജില്ല വൈസ് പ്രസിഡന്റ് സുൽഫി ബാലരാമപുരം, ജില്ല സെക്രട്ടറി വിജയശ്രീ, നിയോജകമണ്ഡലം പ്രസിഡന്റ് ബ്രമിൻ ചന്ദ്രൻ, ബ്ലോക്ക് വൈസ് പ്രസിഡന്റ് സത്യദാസ്, അരുൺ, രജേഷ്, മനു, തത്തലം രാജു, പ്രേമൻ നായർ പ്രസംഗിച്ചു.

കേരള ജല അതോറിറ്റി. ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: CE(NR)/TR/8212/2024_5_1_1/1
ആലത്തൂർ സബ് ഡിവിഷനു കീഴിൽ 1500 സിസി ക്ക് താഴെയും 7 സിറ്റിങ് കപ്പാസിറ്റിയിൽ കൂടാതെയും ഉള്ളവാഹനം വാടകക്കെടുക്കുന്ന പ്രവർത്തി
നിരതദ്രവ്യം: Rs. 10486
ടെണ്ടർ ഫീസ്: Rs. 925
ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 22.06.2024 03:00 pm
ഫോൺ: 8547638313
വെബ്സൈറ്റ്: www.kwa.kerala.gov.in/ www.etenders.kerala.gov.in
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ
KWA-JB-GL-6-38-2024-25 സബ് ഡിവിഷൻ, ആലത്തൂർ

കേരള സംസ്ഥാന ഭാഗ്യക്കുറി STHREE SAKTHISS419DRAW RESULT 11/06/2024

ഒന്നാം സമ്മാനം ₹75 ലക്ഷം SL 372274 (കൊല്ലം)
സാമ്പത്സാ സമ്മാനം ₹8000: SA 372274 SB 372274 SC 372274 SD 372274 SE 372274 SF 372274 SG 372274 SH 372274 SJ 372274 SK 372274 SM 372274
കേരള ഭാഗ്യക്കുറി
താഴെ കാണുന്ന നമ്പറുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്
രണ്ടാം സമ്മാനം ₹10 ലക്ഷം SK 276817 (നെയ്യാറ്റിൻകര)
മൂന്നാം സമ്മാനം ₹5000: 2006 2685 3609 3683 4005 4409 4597 5392 5523 6230 7403 7447 7497 7511 7810 7885 8303 8368
നാലാം സമ്മാനം ₹2000: 0737 3561 4772 5030 5264 6035 6147 6592 6739 8194
അഞ്ചാം സമ്മാനം ₹1000: 0566 1400 1438 1860 2035 2874 2957 3047 3536 3712 3827 4601 5427 6212 7270 7528 7685 7867 8342 9370
ആറാം സമ്മാനം ₹500: 0113 0126 0183 0369 0437 0559 0582 0726 0980 1241 1256 1432 1609 1976 2001 2011 2364 2886 2916 2935 2990 3183 3390 3796 3988 4036 4236 4950 5087 5338 5381 5404 5787 6117 6127 6501 6566 6683 6708 6932 7358 7412 7712 8125 8524 8602 9082 9152 9368 9796 9843 9994
ഏഴാം സമ്മാനം ₹200: 0147 0362 0547 0626 0631 0766 1284 1291 2310 2320 2567 3001 3389 3504 3636 3749 3776 3868 4038 4208 4364 4572 4638 4975 5029 5258 5820 6062 6071 6225 6235 6383 6598 6607 6619 6927 7280 7746 8244 8663 8741 9126 9178 9665 9783
എട്ടാം സമ്മാനം ₹100: 0029 0165 0207 0299 0366 0448 0462 0470 0503 0509 0530 0574 0712 0794 0795 0809 0897 0918 0924 1008 1039 1195 1303 1389 1410 1439 1613 1621 1748 1815 1927 1961 2072 2139 2193 2196 2209 2222 2241 2255 2302 2354 2393 2453 2551 2614 2632 2740 2865 2936 2956 3108 3136 3177 3297 3307 3642 3658 3659 3674 3808 3836 3905 3942 3972 4043 4053 4220 4251 4402 4715 4762 4981 5039 5080 5440 5472 5481 5566 5567 5673 5675 5733 5744 5767 5797 5854 5865 6058 6075 6080 6101 6103 6220 6518 6632 6750 6820 7062 7383 7508 7598 7649 7805 7858 7921 8111 8206 8223 8237 8319 8414 8437 8855 8910 8939 9100 9101 9282 9327 9365 9423 9434 9639 9910 9980
രജിസ്കോപ്പർ ജോ. ഡയറക്ടർ, നറുക്കെടുപ്പ് ഫലം വിശദാംശത്തിനായി www.statelottery.kerala.gov.in

ദുബായ് കെ.എം.സി.സി വെൽ ഫെയർ സ്കീം ഡയറക്ടർബോർഡ് മീറ്റിംഗ് പ്രസിഡന്റ് ഇൻ ചാർജ് ഇബ്രാഹിം മുറിച്ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

ദുബായ് കെ.എം.സി.സി വെൽഫെയർ സ്കീം രണ്ടു പതിറ്റാണ്ടിന്റെ നിറവിൽ

ദുബായ്: ദുബായ് കെഎംസിസി അംഗങ്ങൾക്കായി നടപ്പിലാക്കിയ വെൽഫെയർ സ്കീം 20വർഷം പിന്നിടുന്നു. മരണപ്പെടുന്ന മെംബർമാരുടെ ആശ്രിതർക്ക് 10ലക്ഷം രൂപ ആശ്വാസധനമായി നൽകുന്ന ഈ പദ്ധതി. 2004ൽ ആണ് തുടങ്ങിയത്. മരണാന്തര ആനുകൂല്യത്തിന് പുറമെ പ്രവാസം മതിയാക്കി നാട്ടിലേക്ക് മടങ്ങുമ്പോൾ കാലയളവ് അനുസരിച്ച് ഒരു ലക്ഷം രൂപയും സ്കീമിന്റെ നിബന്ധനകൾക്ക് വിധേയമായി അർഹരായവർക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സാ സഹായവും ലഭ്യമാക്കിവരുന്ന ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയാണിത്. ഇതിനകം കോടിക്കണക്കിന് രൂപയുടെ ആനുകൂല്യങ്ങൾ വിവിധ കാറ്റഗറികളിലായി വിതരണം ചെയ്തിട്ടുണ്ട്.

പ്രവാസികൾക്കും അവരുടെ ആശ്രിത കുടുംബങ്ങൾക്കും വലിയൊരു കൈത്താങ്ങും കരുതലുമാണ് ഈ പദ്ധതി. ദുബൈ കെഎംസിസിക്ക് കീഴിൽ ഒരു ഡയരക്ടർ ബോർഡ് ഇതിന്റെ മോണിറ്ററിംഗിനായി പ്രവർത്തിച്ചുവരുന്നു. അംഗങ്ങൾക്കിടയിൽ ചർച്ച ചെയ്ത് അംഗീകരിച്ച ബൈലോ പ്രകാരമാണ് ഡയരക്ടർ ബോർഡ് പ്രവർത്തിക്കുന്നത്. ആനുകൂല്യങ്ങൾ പാസ്സാക്കുന്നതിനും മറ്റുമായി അതാത് സമയത്ത് ബോർഡ് മീറ്റിംഗ് ചേരുന്നു. കഴിഞ്ഞ ദിവസം ചേർന്ന മീറ്റിംഗിൽ ഡയരക്ടർ ബോർഡ് ചെയർമാൻ ഹുസൈനാർ ഹാജി എടച്ചാക്കൈ അധ്യക്ഷത വഹിച്ചു.

ദുബായ് കെഎംസിസി പ്രസിഡണ്ട് ഇൻ ചാർജ് ഇബ്രാഹിം മുറിച്ചാണ്ടി ഉദ്ഘാടനം ചെയ്തു. മൂന്ന് പേരുടെ മരണാനന്തര ആനുകൂല്യമുൾപ്പെടെ വിവിധ കാറ്റഗറികളിലായി അരക്കോടി രൂപ യോഗം പാസ്സാക്കി. ജന.കൺവീനർ ഒ.മൊയ്തു കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. ഡയരക്ടർ ബോർഡ് അംഗങ്ങളായ ഹംസ തൊട്ടി, മുസ്തഫ വേങ്ങര, ഇസ്മായിൽ ഏറാമല, യാഹുമോൻ ചെമ്മുക്കൻ, അബ്ദുല്ല ആറങ്ങാടി, ജംഷാദ് മണ്ണാർക്കാട്, അബ്ദുൽ സലാം ഇടുക്കി, ഷിബു കാസിം ആലപ്പുഴ, അൻവർഷാ തിരുവനന്തപുരം സംസാരിച്ചു.

തെരഞ്ഞെടുപ്പ് ഡ്യൂട്ടി ചെയ്ത സ്പെഷ്യൽ പൊലീസ് കേഡറ്റുകൾക്ക് പണം നൽകിയില്ല

പാറശ്ശാല: തെരഞ്ഞെടുപ്പ് ഡ്യൂട്ടി ചെയ്ത സ്പെഷ്യൽ പൊലീസ് കേഡറ്റുകൾക്ക് പണം നൽകില്ല. രണ്ടുദിവസം ജോലിചെയ്ത സ്പെഷ്യൽ പൊലീസ് കേഡറ്റുകൾ ശമ്പളത്തിനായി ഓഫീസുകൾ കയറിയിറങ്ങുകയാണ്. തെരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി ഓരോ പൊലീസ് സ്റ്റേഷനു കീഴിലും നൂറോളം യുവതീയുവാക്കളെയും വിമുക്തഭടന്മാരെയുമാണ് സ്പെഷ്യൽ പോലീസ് കേഡറ്റുകളായി നിയമിച്ചത്.

പ്രതിദിനം 1200 രൂപ വേതനമായി നൽകുമെന്നാണ് അറിയിച്ചത്. പണം ലഭിക്കാതെ വന്നതോടെ ഇവർ പൊലീസ് സ്റ്റേഷനുകളിലെത്തിയെങ്കിലും പലർക്കും പണം എപ്പോൾ ലഭിക്കുമെന്ന മറുപടി കിട്ടിയില്ല. റവന്യൂ അധികൃതരെ സമീപിച്ചപ്പോൾ ആഭ്യന്തരവകുപ്പാണ് വേതനം നൽകേണ്ടതെന്നായിരുന്നു മറുപടി. ഉന്നത പൊലീസ് ഉദ്യോഗസ്ഥരെ സമീപിച്ചുവെങ്കിലും കളക്ടറേറ്റിൽ ബന്ധപ്പെടാൻ നിർദേശിക്കുകയായിരുന്നു.

വെള്ളാപ്പള്ളിയുടെ പ്രസ്താവന വസ്തുത വിരുദ്ധം; സർക്കാർ ധവളപത്രം ഇറക്കണം: ജമാഅത്തെ ഇസ്‌ലാമി

കോഴിക്കോട്: സംസ്ഥാന സർക്കാർ മുസ്‌ലിം സമുദായത്തെ പ്രീണിപ്പിക്കുകയാണെന്നും ചോദിക്കുന്നതെല്ലാം നൽകുകയാണെന്നുമുള്ള നവോത്ഥാന സമിതി ചെയർമൻ കൂടിയായ എസ്.എൻ.ഡി.പി ജന. സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവന വസ്തുത വിരുദ്ധവും സത്യസന്ധതക്ക് നിരക്കാത്തതുമാണെന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ പി. മുജീബുറഹ്മാൻ വാർത്തസമ്മേളനത്തിൽ പറഞ്ഞു. ഇതുസംബന്ധിച്ച് സർക്കാർ വസ്തുതകൾ പുറത്തവിടണമെന്നും ദവളപത്രം ഇറക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സമാന സ്വഭാവത്തിലുള്ള പ്രസ്താവനകളും പ്രചാരണങ്ങളും സമീപകാലത്ത് മറ്റുപല കോണുകളിൽനിന്നും രൂപപ്പെട്ടിട്ടുണ്ട്. ഇത് പിന്നാക്ക സമുദായത്തിന് അർഹതപ്പെട്ടത് കൂടി ചോദിക്കാൻ കഴിയാത്ത സാമൂഹികാന്തരീക്ഷം സൃഷ്ടിക്കും.

നരേന്ദ്രൻ കമീഷൻ റിപ്പോർട്ടിലൂടെ ഏഴായിരത്തോളം തൊഴിലവസരങ്ങളാണ് സമുദായത്തിന് നഷ്ടമായത്. തുടർന്നുണ്ടായ പാക്കേജിൽ മുന്നാക്ക സമുദായത്തിനാണ് നേട്ടമുണ്ടായത്. സച്ചാർ കമ്മിറ്റിയുടെ ചുവടുപിടിച്ച് രൂപംകൊടുത്ത പാലോളി കമ്മിറ്റി നിർദേശങ്ങളും അട്ടിമറിക്കപ്പെട്ടു. മദ്രസ അധ്യാപകർക്ക് സർക്കാർ ശമ്പളം നൽകുന്നു എന്നുവരെ പ്രചരിപ്പിക്കപ്പെട്ടു. കഴിഞ്ഞ കാല അനുഭവങ്ങളെല്ലാം നഷ്ടങ്ങളുടെതാണ്. മന്ത്രിസഭയിൽ ആകെയുള്ളത് രണ്ട് സമുദായ അംഗങ്ങൾ മാത്രം. മൂന്ന് പാർലമെൻറ് അംഗങ്ങൾ മാത്രമാണ് സമുദായത്തിനിന്നുണ്ടായത്. വിദ്യാഭ്യാസ അവസരത്തിന്റെ കാര്യത്തിലും ഇതുതന്നെയാണ് അവസ്ഥ.

തെക്കൻ ജില്ലകളിലുള്ള സൗകര്യങ്ങളും സംവിധാനങ്ങളും മലബാറിൽ ഇല്ല. യാഥാർഥ്യം ഇതായിരിക്കെ, പുകമറ സൃഷ്ടിക്കുന്ന പ്രസ്താവനകൾ ബോധപൂർവം ഉന്നയിക്കുന്നത് സമുദായത്തോടുള്ള അനീതിയാണ്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾ മൗനം അവലംബിക്കുന്നത് തെറ്റിദ്ധാരണ സൃഷ്ടിക്കും. അതുകൊണ്ട് യഥാർഥ വസ്തുത പുറത്തുവിടാൻ സർക്കാർ തയ്യാറാകണം. രാഷ്ട്രീയ പാർട്ടികൾ ഇക്കാര്യത്തിൽ ആർജവമുള്ള നിലപാട് സ്വീകരിക്കണമെന്നും അമീർ പറഞ്ഞു.

എസ്എസ്എൽസി പ്ലസ് ടു: മികച്ച വിജയം കരസ്ഥമാക്കിയരെ ആദരിച്ചു

പൂവാർ: ജവഹർ ബാൽ മഞ്ച് പൂവാർ പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ്എസ്എൽസി പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിച്ചു. ഡിസിസി ജനറൽ സെക്രട്ടറി പി.കെ സാംദേവിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങ് കാഞ്ഞിരംകുളം ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് കരുംകുളം ജയകുമാർ ഉദ്ഘാടനം ചെയ്തു. ജവഹർ ബാൽ മഞ്ച് സംസ്ഥാന കോഡിനേറ്റർ ഉണ്ണികൃഷ്ണൻ എ.എസ് മുഖ്യാതിഥിയായി. ഡിസിസി ജനറൽ സെക്രട്ടറി വി.എസ് ഷിനു, ജവഹർ ബാൽ മഞ്ച് ജില്ലാ കോർഡിനേറ്റർ മാരായ രഞ്ജിത്ത് പോങ്ങുമൂട്, മനു അരുമാനൂർ, എസ്. മുരുകൻ, സിൽവി എന്നിവർ സംസാരിച്ചു. ജവഹർ ബാൽ മഞ്ചിന്റെ പൂവാർ പഞ്ചായത്ത് ചീഫ് കോർഡിനേറ്ററായി എം. ഷംനയേയും കോഡിനേറ്റർമാരായി സുഗുണകുമാർ, സിൽവി എന്നിവരെയും തിരഞ്ഞെടുത്തു.

അപേക്ഷ ക്ഷണിച്ചു

ആറ്റിങ്ങൽ: ആറ്റിങ്ങൽ ഗവ. പോളിടെക്നിക്ക് കോളജിൽ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഹൃസ്വകാല കോഴ്സിൽ ഏതാനും സീറ്റുകളിൽ അപേക്ഷ ക്ഷണിച്ചു. വിവരങ്ങൾക്ക് 6235557495, 9567271987.

ഇഐസിഎൽ ലിമിറ്റഡ്
CIN: U26939KL1963PLC002039
രജിസ്റ്റർ ചെയ്ത ഓഫീസ്: TC 79/4, വേളി, തിരുവനന്തപുരം, കേരള- 695021, ഇന്ത്യ
കോർപ്പറേറ്റ് ഓഫീസ്: 801-803, 8ാർ-ബി, ഗ്ലോബൽ ബിസിനസ് പാർക്ക്, എപജി, ഗോഡ്, ഗുർഗാവോൺ- 122 002, ഹരിയാന
ബന്ധപ്പെടുക: +91 0124 2803379 മുതൽ 83 വരെ; വെബ്സൈറ്റ്: www.eicl.in; ഇമെയിൽ: sect@eicl.in

അറിയിപ്പ്

കമ്പനിയുടെ 60-ാമത് വാർഷിക പൊതുയോഗം (AGM) 2024 ജൂലൈ 12 വെള്ളിയാഴ്ച രാവിലെ 11:30 മണിക്ക് വിഡിയോ കോൺഫറൻസ് (VC)/OAVM വഴി, ബാധകമായ വ്യവസ്ഥകൾ പാലിച്ച് ബിസിനസ്സ് ഇടപാടുകൾ നടത്തുമെന്ന അറിയിപ്പ് ഇതിനാൽ അറിയിക്കുന്നു. കമ്പനീസ് ആക്ട്, 2013 ('ആക്ട്') യുടെ നിയമങ്ങളും അതിനനുസരിച്ച് ഉണ്ടാക്കിയ നിയമങ്ങളും